'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പാലക്കാട് ജില്ലയിലെ തരൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ. ജയന്തകുമാറിനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2681/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 28/11/2019**

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 07.03.2018-ലെ ഇ12 (ക്യുവി3/16/പികെടി)39216/2017 നമ്പർ കത്ത്

2 വിജിലൻസ് (ഡി) വകുപ്പിന്റെ 28.05.2018-ലെ ഡി3-307/2018/വിജി. നമ്പർ കത്ത്

3 സർക്കാരിന്റെ 28.07.2018-ലെ ഇപിബി3/173/18/തസ്വഭവ നമ്പർ കുറ്റപത്രം

4 ശ്രീ. കെ. ജയന്തകുമാർ സമർപ്പിച്ച 10.12.2018-ലെ പ്രതിവാദ പത്രിക .

5 പഞ്ചായത്ത് ഡയറക്ടറുടെ 31.05.2019-ലെ PAN/21950/2018-D10(DP)നമ്പർ കത്ത്

### ഉത്തരവ്

പാലക്കാട് ജില്ലയിൽ തരൂർ ഗ്രാമപഞ്ചായത്തിൽ അത്തിപ്പൊറ്റ പഴയ പാലത്തിന് സമീപം ഗായത്രി നദിയ്ക്ക് കുറുകെ അനധികൃതമായി റോഡ് നിർമ്മിച്ചത് സംബന്ധിച്ച ആരോപണത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ത്വരിതാന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. അന്വേഷണത്തിൽ ചുവടെ ചേർക്കുന്ന ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി.

തരൂർ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ഗായത്രി നദിയുടെ കുറുകെ അത്തിപ്പൊറ്റയിലുണ്ടായിരുന്ന പഴയ പാലം പൊളിച്ചതിനെത്തുടർന്ന് തങ്ങളുടെ ബിസിനസിന് പാലത്തെ ആശ്രയിച്ചിരുന്ന ശ്രീ. ടോമി ജോസഫിന്റെ നേതൃത്വത്തിൽ സ്ഥലത്തെ ക്വാറി നടത്തുന്ന ചില വ്യക്തികളും സ്വകാര്യ ബസ് ഉടമകളും തങ്ങൾക്ക് ഗതാഗതം തിരിച്ചുവിടുന്നത് വഴി ദൈനംദിനം അധിക ചെലവ് ഉണ്ടാകുന്നതിനാൽ പൊതുജനങ്ങളെ സഹായിക്കാൻ എന്ന വ്യാജേന പഞ്ചായത്ത്, റവന്യൂ ഉദ്യോഗസ്ഥരുടെ മൗനാനുവാദത്തോടെ നിലവിലുള്ള നിയമങ്ങൾ കാറ്റിൽപ്പറത്തി നദി കൈയ്യേറി താത്ക്കാലിക റോഡ് പണിയുകയുണ്ടായി. ബന്ധപ്പെട്ട പഞ്ചായത്ത് അധികാരികൾ സ്വകാര്യ വ്യക്തി നദി കൈയ്യേറി താത്ക്കാലിക റോഡ് നിർമ്മിച്ചിട്ടും തക്കസമയത്ത് തടയാനുള്ള നടപടികൾ സ്വീകരിച്ചില്ല. ശ്രീ.ടോമി ജോസഫും മറ്റുള്ളവരും നിലവിലുള്ള നിയമങ്ങൾ ലംഘിച്ച് നദി കൈയ്യേറി റോഡ് നിർമ്മിച്ചപ്പോൾ പഞ്ചായത്തിലെയും റവന്യൂ വകുപ്പിലെയും ഉദ്യോഗസ്ഥർ മൗനം ഭജിക്കുകയും നിഷ്ക്രിയമായി കണ്ണടച്ചുകൊടുക്കുകയും ചെയ്തു.

മേൽ വിജിലൻസ് കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത വീഴ്ചകൾക്കുത്തരവാദിയായ

തരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. കെ. ജയന്തകുമാറിനെതിരെ പരാമർശം (3) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ശ്രീ. കെ. ജയന്തകുമാർ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ശ്രീ. കെ. ജയന്തകുമാർ പാലക്കാട് ജില്ലയിലെ കാവശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരിക്കെയാണ് 14.10.2016 മുതൽ 05.11.2016 വരെ തരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അധിക ചുമതല കൂടി വഹിച്ചത്. പ്രസ്തുത കാലയളവിൽ രണ്ടു ഗ്രാമ പഞ്ചായത്തുകളിലെയും ഭാരിച്ച ഉത്തരവാദിത്തം നിറവേറ്റേണ്ടി വന്നതിനാൽ തരൂർ ഗ്രാമ പഞ്ചായത്തിലെ അനധികൃത റോഡ് നിർമ്മാണം തടയുന്നതിന് സക്രിയമായി ഇടപെടാൻ കഴിയാതിരുന്നത് ബോധപൂർവമല്ലെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ ശ്രീ. ജയന്തകുമാർ തരൂർ ഗ്രാമ പഞ്ചായത്തിൽ സെക്രട്ടറിയായി ജോലിയിൽ പ്രവേശിച്ച 14.10.2016 ന് മുമ്പ് തന്നെ ഗായത്രി പുഴയ്ക്ക് കുറുകെ പൊളിച്ചുമാറ്റിയ അത്തിപ്പൊറ്റ പഴയ പാലത്തിനു സമീപമായി അനധികൃത താൽക്കാലിക റോഡ് നിർമ്മാണം ആരംഭിച്ചിരുന്നതായും അനധികൃത റോഡ് നിർമ്മാണത്തിന് കൂട്ടുനിന്നെന്ന് കരുതാനാകില്ലെന്നും പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിൽ അറിയിച്ചിട്ടുണ്ട്. ടിയാൻ 31 /03 /2018-ന് സേവനത്തിൽ നിന്നും വിരമിച്ചതായും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. കെ. ജയന്തകുമാർ തരൂർ ഗ്രാമപഞ്ചായത്തിൽ 14.10.2016 മുതൽ 05.11.2016 വരെ കേവലം 23 ദിവസം മാത്രമാണ് സെക്രട്ടറിയുടെ അധിക ചുമതല വഹിച്ചിരുന്നതെന്ന് കാണുന്നു. കൂടാതെ ശ്രീ. കെ. ജയന്തകുമാർ തരൂർ ഗ്രാമ പഞ്ചായത്തിൽ സെക്രട്ടറിയായി ജോലിയിൽ പ്രവേശിച്ച 14.10.2016-നു മുമ്പ് തന്നെ ഗായത്രി പുഴയ്ക്ക് കുറുകെ പൊളിച്ചുമാറ്റിയ അത്തിപ്പൊറ്റ പഴയ പാലത്തിനു സമീപമായി അനധികൃത താൽക്കാലിക റോഡ് നിർമ്മാണം ആരംഭിച്ചിരുന്നതായും അനധികൃത റോഡ് നിർമ്മാണത്തിന് കൂട്ടുനിന്നെന്ന് കരുതാനാകില്ലെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ തരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. കെ. ജയന്തകുമാറിനെതിരായ അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യൂ**
**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. ശ്രീ. കെ. ജയന്തകുമാർ, മുൻ സെക്രട്ടറി, തരൂർ ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം

7. വിജിലൻസ് വകുപ്പ്

(യു.ഒ റിമാർക്സ് നം.വിജി.ഡി3/307/2018/വിജി. തീയതി 28.10.2019പ്രകാരം)

8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/173/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ